DISPATCHED
25/05/2020
4-3-20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.850(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5801/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പ്രശോഭ് കെ.,
മഠത്തിൽ മീത്തൽ,
അന്നശ്ശേരി പി.ഒ.,
കോഴിക്കോട് – 673 317. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കമാണ്ടന്റിന്റെ കാര്യാലയം,
മലബാർ സ്പെഷ്യൽ പോലീസ്,
മലപ്പുറം.

2. അപ്പീൽ അധികാരി,
കമാണ്ടന്റിന്റെ കാര്യാലയം,
മലബാർ സ്പെഷ്യൽ പോലീസ്,
മലപ്പുറം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10/12/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09/01/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29/01/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02/03/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 09/05/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 09/05/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/06/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/06/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/03/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രശോഭ് കെ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി ഒന്നാം എതിർകക്ഷി നൽകിയില്ല എന്നും ടിയാന്റെ അപേക്ഷയിലെ 3, 4, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല എന്നും നിയമപരമായ

ശരിയും തെറ്റുമാണ് ടിയാൻ ആവശ്യപ്പെട്ടത് എന്നും അല്ലാതെ എതിർകക്ഷി ഓഫീസിൽ ലഭ്യമായ രേഖകൾ മാത്രമല്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ബി.ഒ.നം.296/13/എം തീയതി 7/2013 പ്രകാരം ടിയാന്റെ ശമ്പളത്തിൽ നിന്ന് ആകെ എത്ര രൂപയാണ് തിരിച്ചു പിടിക്കേണ്ടത് എന്നും

ii. പ്രസ്തുത ഉത്തരവുപ്രകാരം ആകെ ഇതുവരെ എത്ര രൂപ തിരിച്ചു പിടിച്ചു എന്നും ഓരോ മാസവും തിരിച്ചു പിടിച്ച തുക എത്രയാണെന്നും

iii. 2013 ഒക്ടോബർ മാസത്തെ ശമ്പളത്തിൽ നിന്നും 8310/- രൂപ തിരിച്ചു പിടിച്ചതു കാരണം കമ്പനി റിക്കവറി കിഴിച്ച് 500/- രൂപയിൽ താഴെ മാത്രമാണ് ശമ്പളമായി ലഭിച്ചത് എന്നും അത് നിയമപരമായി ശരിയാണോ എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയില്ല എന്നും ടിയാന്റെ അപേക്ഷയിലെ 2, 3, 4, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി പൂർണ്ണവും വ്യക്തവുമല്ല എന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകുന്നതിൽ നേരിയ കാലതാമസം വന്നു എന്നും ആയത് മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയാണെന്നും അത്തരത്തിലുള്ള തെറ്റ് ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 2, 3, 4, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ ലഭ്യമായ പൂർണ്ണ വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ മന:പൂർവ്വമല്ലാത്ത കാലതാമസം ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതായി കാണുന്നു. ആയത് ബോധപൂർവ്വമല്ലാത്തതിനാലും 9.1.2016 തീയതി തയ്യാറാക്കിയിരുന്ന മറുപടി 12.1.2016 തീയതി അയച്ചു നൽകിയിട്ടുള്ളതായി കാണുന്നതിനാലും ഇക്കാര്യത്തിൽ കമ്മീഷൻ മറ്റ് നടപടികൾ ഒന്നും സ്വീകരിക്കുന്നില്ല. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിലെ 3, 4, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള വിവരങ്ങൾ സംബന്ധിച്ചാണെന്ന് കാണുന്നു. മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് വിശദീകരണവും സംശയനിവാരണവും അഭിപ്രായപ്രകടനവും ഒക്കെയാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പ് പ്രകാരം നിർവ്വചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടിയിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല.

RIGHT TO INFORMATION

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION